# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.837 — 10.06.2019-ൽ മറുപടിയ്ക്ക്

### പ്രളയത്തിൽ നശിച്ച പട്ടികജാതി കോളനികളുടെ പുനർനിർമ്മാണം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.സി.മമ്മൂട്ടി | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പ്രളയത്തിൽ പട്ടികജാതി സങ്കേതങ്ങളിലും കോളനികളിലും സംഭവിച്ച നാശനഷ്ടങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; | (എ) | പ്രളയത്തിൽ പട്ടികജാതി സങ്കേതങ്ങളിലും കോളനികളിലും സംഭവിച്ച നാശനഷ്ടങ്ങളെ സംബന്ധിച്ച് വിശദമായി വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിനും പുനർനിർമ്മാണത്തിനുമായി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | പ്രളയക്കെടുതിമൂലം അടിസ്ഥാനസൗകര്യ സംവിധാനങ്ങൾക്ക് വ്യാപകമായി നാശം സംഭവിച്ചിട്ടുള്ളതും പുനർനിർമ്മാണം ആവശ്യമുള്ളതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ 90 കോളനികളെ പുന:നിർമ്മാണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. 20 സങ്കേതങ്ങളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രവൃത്തി ആരംഭിച്ച് ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ